**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 330** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാസ്പ് പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എച്ച്. സലാം</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ആരോഗ്യ വകുപ്പിന് കീഴിൽ കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രൂപീകൃതമായതിന് ശേഷം വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നൽകിവരുന്ന സൗജന്യ ചികിത്സയുടെ വിവരങ്ങൾ ലഭ്യമാക്കാമോ; കഴിഞ്ഞ വർഷം ആകെ എത്ര രൂപയുടെ സൗജന്യചികിത്സ നൽകിയെന്നതിന്റെ കണക്ക ലഭ്യമാണോ; അതിലേയ്ക്കുള്ള സർക്കാർ വിഹിതം എത്രയെന്ന് അറിയിക്കാമോ;</td><td>(എ)</td><td>2019 ഏപ്രിൽ- 1 മുതൽ കേരളത്തിൽ നടപ്പിലാക്കി വരുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് ' കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി'. 2020 ജൂലായ് 1 മുതൽ പദ്ധതിയുടെ നടത്തിപ്പ് ചുമതല പൂർണമായും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഏറ്റെടുത്തു. ആയുഷ്മാൻ ഭാരത് പ്രധാന മന്ത്രി ജൻ ആരോഗ്യ യോജന (AB PM-JAY) യോട് സഹകരിച്ചു കൊണ്ടാണ് കേരളത്തിൽ കാസ്പ് നടപ്പിലാക്കുന്നത് .<br><br>29.05.2018 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ) നമ്പർ 1739/2018/ ആ.കു.വ പ്രകാരം കേരള സർക്കാർ ലേബർ വകുപ്പിന് കീഴിൽ നടപ്പിലാക്കി വന്നിരുന്ന ആർ എസ് ബി വൈ, ചിസ് , ചിസ് പ്ലസ് എന്നീ പദ്ധതികൾ ഏകീകരിച്ചു രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്). 2018-2019 സാമ്പത്തിക വർഷം RSBY/ CHIS പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളും, 2011 സോഷ്യോ എക്കണോമിക് കാസ്റ്റ് സെൻസസ് ( SECC) പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും കാസ്പ് പദ്ധതിയിൽ അംഗങ്ങളാണ്. നിലവിൽ 41.80 ലക്ഷം കുടുംബങ്ങൾ കാസ്പ് പദ്ധതിയിൽ അംഗത്വം നേടിയിട്ടുണ്ട് .<br><br>സ്റ്റേറ്റ് ഹെൽത്ത് ഏജൻസി 'കാസ്പ് പദ്ധതി' കൂടാതെ കെ.ബി.എഫ് (കാരുണ്യ ബെനവലന്റ് ഫണ്ട്) പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾ അല്ലാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവുമുള്ള APL/BPL കുടുംബങ്ങൾക്ക് 2 ലക്ഷം രൂപവരെയുള്ള സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി. കിഡ്നി സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാകും. പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളുടെ വിവരം https://sha.kerala.gov.in/list-of-empanelled-hospitals/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 23770 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.<br><br>പോർട്ടബിലിറ്റി സൗകര്യം -<br><br>നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്ക് അന്യസംസ്ഥാനങ്ങളിൽ AB-PMJAY പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നതാണ്. പദ്ധതി പ്രകാരം നാളിതുവരെ 1109 വ്യക്തികൾക്ക് 3.43 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകുവാൻ സാധിച്ചു.</td></tr>
</table>

**അതുപോലെ തന്നെ മറ്റ് സംസ്ഥാനങ്ങളിൽ AB-PMJAY പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും കേരളത്തിൽ പദ്ധതിയു മായി എംപാനൽ ചെയ്തിട്ടുള്ള സർക്കാർ സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നതാണ്. പദ്ധതി പ്രകാരം നാളിതുവരെ 677 വ്യക്തികൾക്ക് 1.43 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകുവാൻ സാധിച്ചു**

ആകെ അംഗത്വം നേടിയ കുടുംബങ്ങളുടെ എണ്ണം

സംസ്ഥാന സർക്കാർ പൂർണ്ണമായും ചികിത്സ ചിലവ് വഹിക്കുന്ന കുടുംബങ്ങളുടെ എണ്ണം

PM-JAY കുടുംബം ചികിത്സ ചിലവ് (കേന്ദ്ര സംസ്ഥാന അനുപാതത്തിൽ **(60:40)**
(കേന്ദ്ര വിഹിതം പരമാവധി ഒരു കുടുംബത്തിന് 631.2 രൂപ )

**41,75,798**

**19,63,724**

**22,12,074**

**<u>മുൻ വർഷങ്ങളിലെ ചികിത്സാ ചിലവ് താഴെ ചേർക്കുന്നു.</u>**

**സാമ്പത്തിക വർഷം**

**ആകെ ചിലവഴിച്ച തുക**

**സംസ്ഥന സർക്കാർ പദ്ധതിക്കായി അനുവദിച്ച് വിനിയോഗിച്ച തുക**

**ലഭ്യമായ കേന്ദ്ര വിഹിതം**

2020-2021 (SHA കാലയളവ് മാത്രം)

| | | | |
|---|---|---|---|
| | | | 494.7 കോടി<br><br>356.6 കോടി<br><br>138.10 കോടി<br><br>2021-2022<br><br>1141.39 കോടി<br><br>1002.5 കോടി<br><br>138.89<br><br>കോടി |
| (ബി) | സർക്കാരിന്റെ നിരന്തര ഇടപെടലിലൂടെ കാസ്പ് പദ്ധതിക്ക് കീഴിൽ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിനെ ഉൾപ്പെടുത്താനായിട്ടുണ്ടോ; മികച്ച സ്വകാര്യ ആശുപത്രികളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 2019 ഏപ്രിൽ 1 മുതൽ ആരംഭിച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ SCTIMST ചില സാങ്കേതിക കാരണത്താൽ എംപാനൽ ആയില്ല. നിരവധി AB-PMJAY/ KASP ഗുണഭോക്താക്കൾ SCTIMST ൽ ചികിത്സ ലഭ്യമാക്കാത്തതിനെ തുടർന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ പരാതി നൽകിയിരുന്നു. AB-PMJAY/ KASP പദ്ധതിയിൽ SCTIMST എംപാനൽ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ തലത്തിലും നിരവധി കത്തുകൾ നൽകിയിരുന്നു. ഇതിനെ തുടർന്ന് SCTIMST 30.03.2022 ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുമായി ധാരണപത്രം ഒപ്പുവച്ചു. 05.04.2022 ന് ആദ്യ കേസ് രജിസ്റ്റർ ചെയ്തു. പദ്ധതി പ്രകാരം നാളിതുവരെ 572 വ്യക്തികൾക്ക് 3.64 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകുവാൻ സാധിച്ചു.<br><br>നിലവിൽ 587 സ്വകാര്യ ആശുപത്രികൾ കാസ്പ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്.<br><br>കൂടുതൽ **സ്വകാര്യ ആശുപത്രികൾ എംപാനൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.** |
| (സി) | എത്ര കുടുംബങ്ങൾക്ക് കാസ്പ് പദ്ധതി പ്രകാരം ആരോഗ്യസുരക്ഷ നൽകാനായിട്ടുണ്ടെന്ന | (സി) | നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം ആരോഗ്യ സുരക്ഷ നൽകിയിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>ആകെ \| സംസ്ഥാന സർക്കാർ \| PM-JAY കുടുംബം ചികിത്സ ചിലവ് (കേന്ദ്ര |

<table>
<tr>
<td></td>
<td>കണക്ക് ലഭ്യമാണോ;<br>എങ്കിൽ നൽകുമോ;</td>
<td></td>
<td>
<table>
<tr><th>അംഗത്വം നേടിയ കുടുംബങ്ങളുടെ എണ്ണം</th><th>പൂർണ്ണമായും ചികിത്സാ ചിലവ് വഹിക്കുന്ന കുടുംബങ്ങളുടെ എണ്ണം</th><th>സംസ്ഥാന അനുപാതത്തിൽ (60:40) (കേന്ദ്ര വിഹിതം പരമാവധി ഒരു കുടുംബത്തിന് 631.2 രൂപ )</th></tr>
<tr><td>41,75,798</td><td>19,63,724</td><td>22,12,074</td></tr>
</table>
മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് പുറമേ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കി വരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 23770 ഗുണഭോക്താക്കൾക്ക് ഇതുവരെ ആനുകൂല്യം നൽകി
</td>
</tr>
<tr>
<td>(ഡി)</td>
<td>കാസ്പ് പദ്ധതി ആരംഭിച്ചതിനുശേഷം കാരുണ്യ ബെനവലന്റ് പദ്ധതി തുടരുന്നുണ്ടോ; പ്രസ്തുത പദ്ധതി പരിഷ്കരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?</td>
<td>(ഡി)</td>
<td>
ഉണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ (AB-PMJAY/KASP) കീഴിൽ എംപാനൽ ചെയ്ത സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ തുടർന്ന് നൽകിവരുന്നു.
KASP വിഭാഗങ്ങളിൽ വരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിനു താഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകാവുന്നതാണ്. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ചികിത്സാ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക്- 3 ലക്ഷം രൂപ വരെ) കുടുംബത്തിനു മുഴുവനായി പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ വഴി നൽകിവരുന്നു.
കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ പ്രവർത്തനം ആരംഭിച്ചതിനുശേഷം നടത്തിയ പരിഷ്ക രണങ്ങളെക്കുറിച്ചുള്ള താരതമ്യം ചുവടെ ചേർക്കുന്നു.
<table>
<tr><th></th><th>കെ.ബി.എഫ് - ടാക്സസ് വഴിയുള്ള നടപടി ക്രമം</th><th>സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയുള്ള നടപടിക്രമം</th></tr>
<tr><td>ഗുണഭോക്തൃ അപേക്ഷാ നടപടി ക്രമം</td><td>അപേക്ഷാ ഫോറം, എസ്റ്റിമേറ്റ് ഓഫ് എക്സിപെൻ ഡിച്ചർ - കെ ബി എഫ് ഫോറം - 4 (രോഗി ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്,രോഗി ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡിന്റെ പകർപ്പ് - പേജ് 1,2,3, രോഗിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ, രോഗിയും കുടുംബാംഗങ്ങളും താമസിക്കുന്ന വീടിനു മുന്നിൽ വച്ച് എടുത്തിട്ടുള്ള ഒരു കളർ ഫോട്ടോ.</td><td>ചികിത്സയ്ക്ക് യോഗ്യതയുള്ള ഗുണഭോ ക്താക്കൾക്ക് കാസ്പ് എംപാ നൽ ചെയ്ത ആശുപത്രികളിലെ കിയോ സ്കകളിൽ ആപ്ലിക്കേഷൻ നേരിട്ട് സമർപ്പിക്കാൻ കഴിയും. അപേക്ഷയോടൊപ്പം വരു മാനം തെളി യിക്കുന്ന രേഖ , റേഷൻ കാർഡ് എന്നീ പ്രോസസ്സിംഗ് രേഖകളും ഹാജരാക്കേണ്ടതാണ്. അപേക്ഷകൾ കിയോസ്കിൽ നിന്നും ജില്ല പ്രോജക്ട് കോർഡിനേറ്റർമാർക്ക്(DPC) കൈമാറുകയും DPC മാർ അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതുമാണ് .</td></tr>
<tr><td>ആനുകൂല്യങ്ങൾ</td><td>തൃതീയ പരിചരണം (2 ലക്ഷം രൂപ), വൃക്കരോഗങ്ങൾ (3 ലക്ഷം രൂപ) 315 പാക്കേജുകൾ</td><td>കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതീയ , തൃതീയ പരിചരണം , 26 സ്പെഷ്യാ ലിറ്റികളിൽ 1675 പാക്കേ ജുകൾ , എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജുകൾ , ഡേ കെയർ സിറ്റിംഗ് ചാർജുകൾ ഉൾപ്പെടെ 15 ദിവസത്തെ പോസ്റ്റ് ഡിസ്ചാർജിനുള്ള മരുന്നുകൾ ഉൾപ്പെടെ പദ്ധതി പ്രകാരം പരിചരിക്കുന്നു</td></tr>
<tr><td>ചികിത്സാ സൗകര്യം</td><td>57 ആശുപത്രികളും 26 ഡയാലിസിസ് സെന്ററുകളും</td><td>KASP ൽ നിലവിൽ എംപാനൽ ചെയ്തിട്ടുള്ള 500 ഓളം സ്വകാര്യ</td></tr>
</table>
</td>
</tr>
</table>

| | | |
|---|---|---|
| | | ആശുപത്രികളും ദ്വിതീയ, ത്രിതീയ ചികിത്സാ സൗകര്യമുള്ള സർക്കാർ ആശുപത്രികളും |
| ഏറ്റവും കൂടുതൽ ഉപയോഗിച്ച പാക്കേജ് നിരക്ക് | ഹീമോഡയാലിസിസ് Rs 650/ സെഷൻ | ഹീമോഡയാലിസിസ് Rs 900/ സെഷൻ |
| ഐ ടി സംയോജനം | മാന്വൽ പ്രോസസ്സിംഗ് | 2020 ജൂലൈ 1 മുതൽ പദ്ധതിയുടെ നടത്തിപ്പ് ചുമതല പൂർണ്ണമായും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഏറ്റെടുത്ത് തുടങ്ങിയത് മുതൽ നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ നിർദ്ദിഷ് ഐ.റ്റി പോർട്ടലിലൂടെ മുഴുവൻ പ്രക്രിയയും ഡിജിറ്റലൈസ് ചെയ്യുകയും കൂടാതെ രോഗികൾക്ക് പേപ്പർ രഹിതവും പണരഹിതവുമായ ചികിത്സാ ആനുകൂല്യങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ